**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5382** **05-07-2024 - ൽ മറുപടിയ്ക്ക്**

**എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുടെ കീഴിൽ എ.ഐ., കാർബൺ ന്യൂട്രാലിറ്റി, എഞ്ചിനീയറിംഗ് മെറ്റീരിയൽസ് എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ? | (എ) | എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുടെ കീഴിൽ ചുവടെ ചേർക്കുന്ന കോളേജുകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>1. ഗവ. എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ (Sustainability Engineering and Carbon Neutrality)<br>2. മോഡൽ എഞ്ചിനീയറിംഗ് കോളേജ്, എറണാകുളം (AI, Ml, Robotics and Automation)<br>3. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം (Emerging Materials and Infrastructure)<br><br>എറണാകുളം മോഡൽ എഞ്ചിനീയറിംഗ് കോളേജിൽ മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനും അതിനായി 50 സെന്റ് സ്ഥലം മാറ്റിവക്കുന്നതിനും IHRD യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി permissive sanction നൽകിയിട്ടുണ്ട്. ഗവ. എഞ്ചിനീയറിംഗ് കോളേജ് കണ്ണൂർ, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോട്ടയം എന്നീ സ്ഥാപനങ്ങളിൽ 'മികവിന്റെ കേന്ദ്രം' ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാക്കണമെന്ന സാങ്കേതിക സർവകലാശാലയുടെ അപേക്ഷയിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ